## പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം : 335** **31.01.2014 ൽ മറുപടിക്ക്**

## പുതിയ ഊർജ്ജ സ്രോതസ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, വി. എം. ഉമ്മർ മാസ്റ്റർ<br>,, സി. മോയിൻകുട്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വർദ്ധിച്ചു വരുന്ന ഊർജ്ജ ആവശ്യം നേരിടാൻ ലഭ്യമായ വിവിധ സ്രോതസ്സുകളെ സംബന്ധിച്ച സമഗ്രമായ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) ജലസ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പഠനം കെ.എസ്.ഇ.ബി ലിമിറ്റഡ് വഴിയും കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള പഠനം അനെർട്ട് വഴിയും നടത്തി വരുന്നു.<br>ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള ഒരു പഠനം സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനെർട്ട് പൂർത്തിയാക്കിയിട്ടുണ്ട്.<br>കൂടാതെ ബയോഗ്യാസിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ജൈവമാലിന്യത്തിൽ നിന്നും ബയോഗ്യാസ് ഉത്പാദിപ്പിച്ച് പാചകാവശ്യത്തിന് ഉപയോഗിക്കുന്ന പദ്ധതിയും വ്യാപകമായി നടപ്പാക്കി വരുന്നു. |

(ബി) ലഭ്യമായ സ്രോതസ്സുകളുടെ എത്ര ശതമാനം നമുക്ക് ഉപയോഗപ്പെടുത്താനായിട്ടുണ്ടെന്നതിന്റെ വിശദാംശം നൽകുമോ ;

(ബി) ലഭ്യമായ കണക്കനുസരിച്ച് ജലവൈദ്യുത സ്രോതസ്സുകളുടെ ഏകദേശം 40.9 ശതമാനം നമുക്ക് ഉപയോഗപ്പെടുത്താനായിട്ടുണ്ട്.

ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്ന് കണക്കാക്കുന്ന സ്ഥാപിത ശേഷി 700 മെഗാവാട്ട് ആണ്. ഇതിൽ ഇപ്പോൾ 135 മെഗാവാട്ട് വൈദ്യുതി വരെ 19 പദ്ധതികളിൽ നിന്നായി ഉല്പാദിപ്പിക്കുന്നു.

ഇതുവരെ 34.875 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിച്ചിട്ടുണ്ട്. ഇത് കണ്ടെത്തിയ സാധ്യതകളുടെ 4.25 ശതമാനത്തോളം വരും.

അനെർട്ട് 7123 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകയും അതു വഴി പ്രതിവർഷം 83000 എൽ.പി.ജി സിലിണ്ടറുകൾക്ക് തുല്യമായ ബയോഗ്യാസ് ഉത്പാദിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ 15 ക്യൂബിക് മീറ്റർ /25 ക്യൂബിക് മീറ്റർ /35 ക്യൂബിക് മീറ്റർ ശേഷിയുള്ള 105 ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്.

(സി) ഇനിയും ഉപയോഗപ്പെടുത്താവുന്ന സ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന് പദ്ധതികൾ തയാറാക്കിയിട്ടുണ്ടോ ?

(സി) വളരെ ചെറിയ അണുജലവൈദ്യുത പദ്ധതികൾ (pico), ലഘുജലവൈദ്യുത പദ്ധതികൾ (Micro) എന്നിവയ്ക്ക് കേരളത്തിൽ ധാരാളം സാദ്ധ്യതകൾ ഉണ്ട്. പക്ഷേ ചെലവു കുറയ്ക്കുന്നതിന് ഇത്തരം പദ്ധതികൾ വികേന്ദ്രീയമായി നടപ്പിലാക്കേണ്ടി വരും. അതായത് കെ.എസ്.ഇ.ബി.യുടെ ഗ്രിഡുമായി ബന്ധിപ്പിയ്ക്കാത്ത തരത്തിൽ തോട്ടങ്ങൾ, ഒറ്റപ്പെട്ട വനമേഖലകൾ, റിസോർട്ടുകൾ മുതലായ സ്ഥലങ്ങളിൽ ഇങ്ങനെ ഊർജ്ജ ഉല്പാദനം നടത്തുവാൻ സാധിക്കും. പക്ഷേ നമ്മുടെ ചെറുതോടുകൾ Perennial അല്ലാത്തതിനാൽ മഴക്കാലത്തുമാത്രമേ ഇങ്ങനെ

വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുകയുള്ളൂ. വേനൽക്കാലങ്ങളിൽ സൗരോർജ്ജം പവനോർജ്ജം എന്നിവ ഉല്പാദിപ്പിക്കുന്ന സംവിധാനം ഇവയുമായി ബന്ധിപ്പിച്ച് (hybrid) പ്രവർത്തിപ്പിക്കാനായാൽ ഈ വികേന്ദ്രീയമായ ചെറു പദ്ധതികളിൽ നിന്നും ആണ്ടു മുഴുവൻ ഊർജ്ജോല്പാദനം നടത്തുവാൻ സാധിക്കും. ഇവയ്ക്ക് ഇപ്പോൾ വേണ്ടി വരുന്ന ചെലവാണ് പല ചെറുകിട ഉത്പാദകരെയും പിന്നോട്ട് വലിക്കുന്നത്.

**സെക്ഷൻ ഓഫീസർ**